**പതിമൂന്നാം കേരള നിയമസഭ**

പത്താം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 4908 | 05/02/2014-ൽ മറുപടിക്ക് |
|---|---|

**ദേശീയതലത്തിൽ കുടുംബശ്രീ**

| ചോദ്യം<br>ശ്രീമതി കെ. എസ്. സലീഖ | | ഉത്തരം<br>ഡോ. എം. കെ. മുനീർ<br>പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി | |
|---|---|---|---|
| (എ) | സാമൂഹ്യ-സാമ്പത്തിക-സ്ത്രീശാക്തീകരണ മേഖലകളിലെ കുടുംബശ്രീ പ്രവർത്തനങ്ങൾ മാതൃകയാക്കുന്നതിനായി ഏതൊക്കെ സംസ്ഥാനങ്ങളുമായി കുടുംബശ്രീ ധാരണാപത്രം ഒപ്പിട്ടു; | (എ) | കർണ്ണാടക, മഹാരാഷ്ട്ര, ആസാം,ജാർഖണ്ഡ്, ബീഹാർ എന്നീ സംസ്ഥാനങ്ങളുമായിട്ടാണ് ധാരണാപത്രം ഒപ്പുവച്ചിട്ടുള്ളത്. |
| (ബി) | പ്രസ്തുത ധാരണാപത്രത്തിൽ നിഷ്കർഷിച്ചിട്ടുള്ള വസ്തുതകൾ എന്തൊക്കെ ആണെന്ന് വ്യക്തമാക്കുമോ; | (ബി) | (1)പഞ്ചായത്തിരാജ് സംവിധാനത്തെയും വനിതാ സ്വയംസഹായ സംഘടനാ സംവിധാനത്തെയും ദാരിദ്ര്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾക്കും, പ്രാദേശിക വികസനത്തിനും ഉതകുന്ന രീതിയിൽ സംയോജിപ്പിച്ചുകൊണ്ട് ദേശീയ ഗ്രാമീണ ഉപജീവന മിഷൻ മെച്ചപ്പെട്ട രീതിയിൽ നടപ്പിലാക്കുക.<br>(2) വനിതാ സ്വയംസഹായ സംഘങ്ങൾ രൂപീകരിക്കുകയും, അതിനെ ശക്തിപ്പെടുത്തുകയും ചെയ്യുക.<br>(3) ഗ്രാമസഭാ ശാക്തീകരണ പ്രവർത്തനങ്ങൾ<br>(4) പഞ്ചായത്ത് പ്രതിനിധികൾക്കായുള്ള പരിശീലനങ്ങൾ<br>(5) വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികളെ സംയോജിപ്പിച്ചുകൊണ്ട് സാമൂഹ്യാധിഷ്ഠിത വികസന പദ്ധതികൾ ആസൂത്രണം ചെയ്യുക<br>(6) സാമൂഹ്യാധിഷ്ഠിത ഉപജീവന പദ്ധതികൾ ആവിഷ്കരിക്കുക<br><br>**എം.ഇ.സി പ്രോജക്ട് ധാരണാപത്രത്തിലെ വസ്തുതകൾ:**<br>1. സംസ്ഥാന ഉപജീവന മിഷനുകൾ എം.ഇ.സി പ്രോജക്ടിനു വേണ്ടി തെരഞ്ഞെടുക്കുന്ന പൈലറ്റ് ജില്ലകളിൽ അതാത് സംസ്ഥാന ഉപജീവന മിഷൻ കണ്ടെത്തിയ ആളുകളിൽ നിന്നും മൈക്രോ എന്റർപ്രൈസസ് കൺസൽട്ടന്റായി തെരഞ്ഞെടുക്കുന്നവർക്ക് (സംസ്ഥാന ഉപജീവന മിഷനും കുടുംബശ്രീയും സംയുക്തമായി) പരിശീലനവും മെന്ററിങ്ങും കുടുംബശ്രീ മിഷൻ നൽകുക.<br>പരിശീലനം സിദ്ധിച്ച എം.ഇ.സിമാരെ സ്വാശ്രയരായ സംരംഭക ഗ്രൂപ്പുകളാക്കി മാറ്റുക. |

| | | | |
|---|---|---|---|
| | | | 3. ഇത്തരം എം.ഇ.സി സ്വാശ്രയ ഗ്രൂപ്പുകൾ സ്വയംതൊഴിൽ മേഖലകളിലും സൂക്ഷ്മ സംരംഭ മേഖലയിലും തങ്ങളുടെ സേവനം പ്രദാനം ചെയ്യുകയും അതോടൊപ്പം സംസ്ഥാന ഉപജീവന മിഷന്റെ സൂക്ഷ്മ സംരംഭ വികസനത്തിനുള്ള പ്രധാന ഉപാധിയായി മാറുകയും ചെയ്യുക.<br>4. ഓരോ സ്വാശ്രയ എം.ഇ.സി ഗ്രൂപ്പിനും അവരുടെ സേവനങ്ങൾ നൽകുന്നതുമായി ബന്ധപ്പെട്ട വ്യക്തമായ ബിസിനസ് പ്ലാൻ ഉണ്ടാക്കുക.<br>5. മേൽപ്പറഞ്ഞ സ്വാശ്രയ എം.ഇ.സി സംരംഭങ്ങളുടെ പ്രവർത്തനഫലമായി തെരഞ്ഞെടുത്ത ജില്ലകളിലെ സ്വയംസഹായ സംഘങ്ങളിലെ പതിനായിരക്കണക്കിന് കുടുംബങ്ങളിൽ അടുത്ത അഞ്ച് വർഷത്തിനുള്ളിൽ സൂക്ഷ്മ സംരംഭ പ്രവർത്തനങ്ങൾ ആരംഭിക്കുകയും അതിന്റെ പ്രയോജനം കുടുംബങ്ങളിൽ എത്തിക്കുക. |
| (സി) | കുടുംബശ്രീയെ നാഷണൽ റിസോഴ്സ് ഓർഗനൈസേഷനായി അംഗീകരിച്ചതെന്നാണ് ; അതിനായി ദേശീയ ഗ്രാമീണ ഉപജീവന മിഷൻ സ്വീകരിച്ച മാനദണ്ഡങ്ങൾ എന്തൊക്കെയായിരുന്നു ; വിശദമാക്കുമോ ; | (സി) | 2012 ജനുവരി 16 ന് എൻ.ആർ.എൽ.എം മിഷൻ ഡയറക്ടർ പുറപ്പെടുവിച്ച പാർട്ണർഷിപ്പ് ഫ്രെയിംവർക്ക് പ്രകാരം കുടുംബശ്രീയെ എൻ.ആർ.ഒ ആയി പ്രഖ്യാപിച്ചു. ആയതിനുള്ള മാനദണ്ഡങ്ങൾ താഴെപ്പറയുന്നവയാണ്.<br><br>1. സംസ്ഥാന സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള രജിസ്ട്രേഡ് ഏജൻസിയായിരിക്കണം<br>2. സാമൂഹ്യാധിഷ്ഠിതമായ ഗ്രാമീണ ഉപജീവന പരിപാടികൾ നടപ്പിലാക്കുന്നതിൽ കുറഞ്ഞത് മൂന്നു വർഷത്തെ പ്രവർത്തന പരിചയം<br>3. കുറഞ്ഞത് ഒരു ലക്ഷം സ്ത്രീകളെയെങ്കിലും വനിതാ സ്വയംസഹായ സംഘടനയിൽ സംഘടിപ്പിച്ചിട്ടുള്ള പ്രവർത്തന പരിചയം<br>4. കുറഞ്ഞത് അമ്പതെങ്കിലുമുള്ള കമ്മ്യൂണിറ്റി റിസോഴ്സ്പേഴ്സൺമാരുടെ ഗ്രൂപ്പ് ഉണ്ടായിരിക്കണം<br>5. കുറഞ്ഞത് അമ്പതിനായിരം കുടുംബങ്ങൾക്കെങ്കിലും വിവിധ ഉപജീവന പദ്ധതികളിൽ സഹായിച്ചിട്ടുണ്ടാവുക. . |
| (ഡി) | നിലവിൽ കുടുംബശ്രീയിൽ അംഗങ്ങൾ ആയിട്ടുള്ളവർ സംസ്ഥാനത്ത് എത്രപേരുണ്ടെന്നാണ് കണക്കാക്കുന്നത് ; 60 വയസ്സുകഴിഞ്ഞ കുടുംബശ്രീ അംഗങ്ങൾക്ക് പെൻഷൻ ഉൾപ്പെടെയുള്ള കാര്യങ്ങൾ നൽകുന്നതിന് എന്തൊക്കെ നടപടികൾ നാളിതുവരെ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശം നൽകുമോ? | (ഡി) | നിലവിൽ കുടുംബശ്രീയിൽ സംസ്ഥാനത്ത് 3957685 പേർ അംഗങ്ങളായിട്ടുണ്ട്. 60 വയസ്സ് കഴിഞ്ഞ കുടുംബശ്രീ അംഗങ്ങൾക്ക് പെൻഷൻ ഉൾപ്പെടെയുള്ള കാര്യങ്ങൾ നൽകുന്നകാര്യം പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ